بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 17.02.2023

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെയിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

# മുസ്‌ലിഹ് മൗഊദ്; പ്രവചനവും സാക്ഷ്യങ്ങളും

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഓരോ അഹ്‌മദിക്കും അറിയാവുന്നതുപോലെ ഫെബ്രുവരി 20 ാം തിയതി ജമാഅത്തിൽ മുസ്‌ലിഹ് മൗഊദ്(റ)നെ പറ്റിയുള്ള പ്രവചനത്തെക്കുറിച്ച് ഓർമ പുതുക്കാറുണ്ട്. ഈ അവസരത്തിൽ ജമാഅത്തുകളിൽ യോഗങ്ങളും സംഘടിപ്പിക്കാറുണ്ട്. ഈ പ്രവചനം ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽ വളരെയധികം ഗുണഗണങ്ങളോട് കൂടിയ ഒരു മകൻ ജനിക്കും എന്നതായിരുന്നു.

ഹുസൂർ തിരുമനസ്സ് മുസ്‌ലിഹ് മൗഊദിനെ പറ്റിയുള്ള പ്രവചനം കേൾപ്പിക്കുകയും നിശ്ചിത കാലത്തിനുള്ളിൽ ആ മകൻ ജനിച്ചതിനെ പറ്റിയും അദ്ദേഹത്തിൽ ആ പ്രവചനത്തിന്റെ അടയാളങ്ങൾ പൂർത്തിയായതിനെ പറ്റിയും പരാമർശിച്ചുകൊണ്ട് പറഞ്ഞു: ഈ സമയത്ത് ഞാൻ ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വൈജ്ഞാനികവും മറ്റു തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ ചിലതിനെ കുറിച്ച് പരാമർശിക്കുന്നതാണ്. ഇതിനു മുമ്പേ ഒരു കാര്യം മനസ്സിലാക്കേണ്ടത് എന്തെന്നാൽ, ആ മഹാത്മാവിന്റെ കുട്ടിക്കാലം ആരോഗ്യപരമായി വളരെ ക്ഷയിച്ചതായിരുന്നു. പിന്നെ ഭൗതീക വിദ്യാഭാസവും അദ്ദേഹത്തിന് ഇല്ലാത്തത് പോലെയായിരുന്നു. പക്ഷെ അല്ലാഹുവിന്റെ വാഗ്ദാനം, അദ്ദേഹം ആത്മീയവും ഭൗതികവുമായ വിജ്ഞാനങ്ങളാൽ നിറക്കപ്പെടും എന്നായിരുന്നു. അതുകൊണ്ട് ശക്തവും ബുദ്ധിയെ അന്ധാളിപ്പിക്കുന്നതുമായ പ്രഭാഷണങ്ങൾ അദ്ദേഹത്തെകൊണ്ട് അല്ലാഹു ചെയ്യിപ്പിച്ചു. പകരം വെക്കാനില്ലാത്ത ലേഖനങ്ങൾ അദ്ദേഹം എഴുതുകയുണ്ടായി. അതെ കുറിച്ച് അന്യരായ ആളുകൾ പോലും അംഗീകരിക്കുന്നു. ഇന്ന് ഞാൻ ഇതുമായി ബന്ധപ്പെട്ട ചില ഉദ്ധരണികൾ കേൾപ്പിക്കുന്നതാണ്.

അതിന് മുമ്പ് അദ്ദേഹത്തിന്റെ രചനകളുടെയും പ്രഭാഷണങ്ങളുടെയും ലേഖനങ്ങളുടെയും വൈജ്ഞാനിക സദസ്സുകളുടെയും എണ്ണത്തെയും അതിന്റെ വലുപ്പത്തെയും കുറിച്ച് ഒരു അവലോകനം സമർപ്പിക്കാം. ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും ലേഖനങ്ങളും സന്ദേശങ്ങളുമൊക്കെയായി ഏറെക്കുറെ മുഴുവനും പ്രസിദ്ധീകരിച്ച് കഴിഞ്ഞിരിക്കുന്നു. അഥവാ പ്രസിദ്ധീകരിക്കാൻ തയ്യാറായിട്ടുണ്ട്. അൻവാറുൽ ഉലൂം എന്ന പേരിൽ അത് 38 വാല്യങ്ങളിലാണുള്ളത്. അതിന്റെ ആകെ എണ്ണം **1424** ആകുന്നു. അതിന്റെ മൊത്തം പേജുകളുടെ എണ്ണം **20340** ആകുന്നു. ഏറെക്കുറെ ഇതാണ് കണക്ക്. തഫ്സീർ കബീർ, തഫ്സീർ സഗീർ സഹിതം മറ്റു തഫ്സീർ നോട്ടുകളും അടക്കം **28735** പേജുകളുണ്ട്. **1808** ജുമുഅഃ ഖുത്ബകളുണ്ട്. അതിലെ പേജ് **18705** ആകുന്നു. **51** ചെറിയ പെരുനാൾ ഖുത്ബകളും **42** വലിയ പെരുനാൾ ഖുത്ബകളും **150** നിക്കാഹ് ഖുത്ബകളും ഉണ്ട്. ശൂറാ പ്രഭാഷണങ്ങൾ മൂന്ന് വാല്യങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് **2131** പേജുകളുണ്ട്. അതെല്ലാം കൂടി കൂട്ടുകയാണെങ്കിൽ ആകെ **75000** പേജ് വരും.

(ഇതുകൂടതെ) റിസർച് സെൽ കണ്ടെത്തിയ ഇതേവരെ പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങളും പ്രസംഗങ്ങളും വൈജ്ഞാനിക സദസ്സുകളും അടങ്ങിയ ഒരു വലിയ വൈജ്ഞാനിക ശേഖരവുമുണ്ട്.

ഈ സമയത്ത് ഞാൻ ആദ്യമായി അദ്ദേഹത്തിന്റെ വൈഞ്ജാനിക പ്രവർത്തനങ്ങളിൽപെട്ട വിശുദ്ധ ഖുർആനിന്റെ തർജമയും തഫ്സീറും സംബന്ധിച്ച കുറച്ചു കാര്യങ്ങളും അന്യരായ ആളുകൾ അതെ കുറിച്ച് പറഞ്ഞ അഭിപ്രായങ്ങളും സമർപ്പിക്കാം. തഫ്സീർ കബീറിൽ ഹദ്റത് മുസ്‌ലിഹ് മൗഊദ് **59** സൂറത്തുകളുടെ വ്യാഖ്യാനമാണ് ചെയ്തിട്ടുള്ളത്. അത് പത്ത് വാല്യങ്ങളിൽ ആണ് ഉള്ളത്. അത് കൂടാതെ അദ്ദേഹത്തിന്റെ ആയിരത്തോളം പേജുകൾ ഉള്ള നിരവധി തഫ്സീർ നോട്ടുകളും കിട്ടിയിട്ടുണ്ട്. എപ്പോഴെങ്കിലും അത് പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ തർജമയുടെ പ്രവർത്തനം തഫ്സീർ സഗീർ എന്ന പേരിൽ അദ്ദേഹം ചെയ്തിട്ടുണ്ട്. ഹദ്റത് മുസ്ലിഹ് മൗഊദ്(റ) തഫ്സീർ സഗീറിനെ കുറിച്ച് പറയുന്നു: എന്റെ അഭിപ്രായത്തിൽ ഈ സമയം വരെയും ഇറങ്ങിയിട്ടുള്ള വിശുദ്ധ ഖുർആൻ തർജമകളിൽ ഒന്നും തന്നെ ഇതിലുള്ളതു പോലെ അറബി ഉറുദു ശൈലികൾ ശ്രദ്ധിച്ചിട്ടില്ല. പറയുന്നു: കഴിഞ്ഞ ആയിരത്തി മുന്നൂറു വർഷങ്ങളിൽ വലിയ വലിയ ശക്തന്മാരായ യുവാക്കൾ കടന്നുകഴിഞ്ഞിട്ടുണ്ട്. പക്ഷെ അല്ലാഹു എനിക്ക് ചെയ്യാൻ തൗഫീഖ് നൽകിയതുപോലെ മറ്റാർക്കും തന്നെ തൗഫീഖ് ലഭിച്ചിട്ടില്ല. വാസ്തവത്തിൽ ഈ പ്രവർത്തനം അല്ലാഹുവിന്റേതാകുന്നു. അവൻ താൻ ഇഷ്ടപ്പെടുന്നവരെകൊണ്ട് അത് ചെയ്യിക്കുന്നു. മറ്റൊരിടത്ത് അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹവും കരുണയും മുഖേന വിശുദ്ധ ഖുർആനിന്റെ തർജമ പൂർത്തിയായിരിക്കുന്നു. അൽഹംദുലില്ലാഹ് മുതൽ വന്നാസ് വരെയും ഉള്ള തഫ്സീർ സഗീറിന്റെയും തഫ്സീർ കബീറിന്റെയും താരതമ്യം ചെയ്യുകയാണെങ്കിൽ പല വിഷയങ്ങളും തഫ്സീർ കബീറിൽ ഇല്ലാത്തത് ഹ്രസ്വമായി ഇതിലുണ്ടെന്നു മനസ്സിലാകുന്നതാണ്.

തഫ്സീർ ഖുർആൻ ഇംഗ്ലീഷിന്റെയും ഒരു പ്രധാന ജോലി പൂർത്തിയായി. അതിനെ നമ്മൾ ഫൈവ് വോള്യം കമന്ററി എന്നാണ് പറയുന്നത്. ഈ തഫ്സീറിന്റെ ആരംഭത്തിൽ ഹദ്റത് മുസ്ലിഹ് മൗഊദിന്റെ തൂലികകൊണ്ട് വളരെ വിസ്മയകരമായ ഒരു ആമുഖവും ചേർത്തിട്ടുണ്ട്. അതിൽ മുൻകാല ദൈവീക ഗ്രന്ഥങ്ങളുടെ സാന്നിധ്യത്തിൽ വിശുദ്ധ ഖുർആനിന്റെ ആവശ്യകതയെയും തിരുനബി(സ)ന്റെ പരിശുദ്ധ ജീവിതത്തെയും ഖുർആൻ ക്രോഡീകരണത്തെയും ഖുർആൻ അധ്യാപനങ്ങളെയും കുറിച്ച് തികച്ചും ആരും പരാമർശിക്കാത്ത രീതിയിലും ഹൃദയഹാരിയായ നിലയിലും വെളിച്ചം വീശിയിട്ടുണ്ട്. ഇതിന്റെ അവസാനത്തിൽ അദ്ദേഹം എഴുതുന്നു. ഞാൻ ഇത്രയും കൂടി പറയാൻ ആഗ്രഹിക്കുകയാണ്, ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ശിഷ്യൻ ആയതുകൊണ്ട് വിവിധ വിഷയങ്ങളിൽ എന്റെ തഫ്സീറിലും തീർച്ചയായും അദ്ദേഹത്തിൽനിന്ന് പഠിച്ച പല കാര്യങ്ങളും വന്നിട്ടുണ്ട്. അതുകൊണ്ട് ഈ തഫ്സീറിൽ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ തഫ്സീറും ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ തഫ്സീറും എന്റെ തഫ്സീറും വന്നിട്ടുണ്ട്. അല്ലാഹു ഹദ്റത് മസീഹ് മൗഊദ്(അ)നെ തന്റെ ആത്മാവിന്റെ പരിമളത്താൽ ഈ വിജ്ഞാനങ്ങളിൽ ഉപവിഷ്ടനാക്കിയിരിക്കുന്നു. അത് ഈ കാലഘട്ടത്തിന്റെ അനിവാര്യമാകുന്നു. അതുകൊണ്ട് ഞാൻ പ്രത്യാശിക്കുന്നു; ഈ തഫ്സീർ നിരവധി ആളുകൾക്ക് രോഗശാന്തിക്ക് നിമിത്തമാകും. നിരവധി കുരുടന്മാർ ഇത് മുഖേന കാഴ്ചയുള്ളവരായി മാറും. ബധിരന്മാർ കേൾക്കുമാറാകും. ഊമകൾ സംസാരിച്ച് തുടങ്ങും. മുടന്തുള്ളവരും വികലാംഗരും നടന്നു തുടങ്ങും. അല്ലാഹുവും മലക്കുകളും അതിന്റെ വിഷയങ്ങളിൽ അനുഗ്രഹം വർഷിക്കും. എന്തൊരു ഉദ്ദേശത്തിനാണോ ഇത് ഇറക്കിയത് അത് പൂർത്തീകരിക്കപ്പെടുമാറാകട്ടെ. അല്ലാഹുമ്മ ആമ്മീൻ.

(പ്രസിദ്ധ എഴുത്തുകാരൻ) അല്ലാമാ നിയാസ് ഫത്തഹ്പൂരി തഫ്സീർ കബീറിനെ സംബന്ധിച്ച് പറയുന്നു: വിശുദ്ധ ഖുർആനിന്റെ വായനക്ക് ഒരു പുതിയ ചിന്താധാര അതുണ്ടാക്കി എന്നത് അവിതർക്കിതമാണ്. ഈ തഫ്സീർ അതിന്റെ തലത്തിൽ തികച്ചും ആദ്യത്തെ തഫ്സീറാണ്. അതിൽ ബുദ്ധിയെയും പ്രമാണത്തെയും വളരെ നല്ല രീതിയിൽ സംയോജിപ്പതായി കാണാൻ കഴിയും.

(സിദ്ഖേ ജദീദ് പത്രത്തിന്റെ എഡിറ്ററായ) മൗലാനാ അബ്ദുൽ മജീദ് ദരിയാബാദി ഹദ്റത് മുസ്ലിഹ് മൗഊദ്(റ)ന്റെ വിയോഗത്തിൽ എഴുതുന്നു. ഖുർആനെയും ഖുർആനിക ജ്ഞാനങ്ങളുടെയും ആഗോള തലത്തിലുള്ള പ്രചാരണവും ഇസ്ലാമിന്റെ ഉന്നമനത്തിന് അദ്ദേഹത്തിന്റെ സജീവ പ്രവർത്തനങ്ങളും തന്റെ നീണ്ട കാല ജീവിതത്തിൽ അദ്ദേഹം തുടർന്ന് വന്നതാണ്. അതിനു അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

ലാഹോറിൽ നിന്നുള്ള ഇംറോസ് പത്രത്തിൽ തഫ്സീർ സഗീറിനെപറ്റി പറയുന്നു: ഈ തഫ്സീർ അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവായ അൽ ഹാജ് മിർസാ ബശീറുദ്ധീൻ മഹ്മൂദ് അഹ്മദ് മർഹൂമിന്റെ ധിഷണാപരമായ പ്രവർത്തനങ്ങളുടെ പരിണിതിയാണ്. ഖുർആനിന്റെ അറബിയോടൊപ്പം ഉർദു തർജമയും കൂടെ നൽകിയിട്ടുണ്ട്. പല ഭാഗങ്ങളിലും വിശദീകരണങ്ങൾ അടിക്കുറിപ്പായി ചേർത്തിട്ടുണ്ട്. തർജമയുടെയും അടിക്കുറിപ്പുകളുടെയും ഭാഷ വളരെ ലളിതവും സുഗ്രാഹ്യവുമാണ്.

ആഴ്ചപ്പതിപ്പ് ആയ ഖന്ദീൽ 1966 ൽ തഫ്സീർ സഗീറിനെ കുറിച്ച് എഴുതുന്നു, തഫ്സീർ സഗീറിലുള്ള തർജമയും അടിക്കുറിപ്പും വളരെ സരളമായ ഭാഷയിലാണ്; ഏത് വിജ്ഞാന തലത്തിലുള്ള വ്യക്തിക്കും അത് പ്രയോജനപ്പെടുത്താൻ കഴിയും.

തർജ്ജമയിലും തഫ്സീറിലും കഴിഞ്ഞുപോയ എല്ലാ തഫ്സീറുകളെയും പരിഹരിക്കാൻ ശ്രദ്ധി ച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനെ ഇത്രയും ഭംഗിയായി അച്ചടിച്ച് പ്രസിദ്ധീകരിച്ചത് വളരെ വലിയ ഒരു ഇസ് ലാമിക സേവനമാകുന്നു.

ഇംഗ്ലീഷ് തഫ്സീറിന്റെ ദീനിപരവും സാഹിത്യ പരവുമായ മേൻമ യുറോപ്പിലെയും അമേരിക്കയി ലെയും ഉന്നത വിദ്യാസമ്പന്നരെ സ്വാധീനിക്കുക യുണ്ടായി. അവർ അതെ കുറിച്ച് നല്ല നിരൂപണ ങ്ങൾ എഴുതി. ഉദാഹരണമായി സുപ്രസിദ്ധ സ്കോ ളറായ എ. ആർബറി പറയുന്നു: വിശുദ്ധ ഖുർആ നിന്റെ തഫ്സീറിന്റെ ആരംഭത്തിൽ തന്നെ നീണ്ട ഒരു മുഖവുരയുണ്ട്. അത് ഹദ്റത് മിർസാ ബശീറു ദ്ധീൻ(റ) തന്നെയാണ് എഴുതിയിട്ടുള്ളത്. ഈ പ്രവർ ത്തനത്തെ വൈജ്ഞാനിക ഗവേഷണ രംഗത്തുള്ള ഒരു മഹത്തായ സ്മരണിക എന്ന് പറയുകയാണെ ങ്കിൽ അതൊരിക്കലും അതിശയോക്തിയല്ല. അതിന്റെ തയ്യാറെടുപ്പിന്റെ എല്ലാ ഘട്ടത്തിലും പ്രാമാണ്യയോഗ്യമായ തഫ്സീർ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും ചരിത്രവും മറ്റും പ്രയോജനപ്പെടു ത്തിയിട്ടുണ്ട്. തർജമയിൽ മാത്രം നോക്കുകയാ ണെങ്കിൽ തർജമ ഇംഗ്ലീഷ് ഭാഷാപരമായ തെറ്റിൽ നിന്നെല്ലാം അതീതവും വളരെ അന്തസ്സാർന്നതുമാ ണെന്ന് പറയാൻ കഴിയും. അമുസ്‌ലിംകളായ ആക്ഷേപകരുടെ ആക്ഷേപങ്ങളെയും നിരാകരിച്ചി ട്ടുണ്ട്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പ്രഭാഷണങ്ങളി ലൂടെ നമുക്ക് മുന്നിൽ സമർപ്പിച്ചിട്ടുള്ള വൈജ്ഞാ നിക ഖജനാവിനെ അന്യരായ ആളുകൾ എങ്ങനെ യാണ് പ്രശംസിച്ചിട്ടുള്ളത് എന്നു ഞാൻ വിവ രിക്കാം. അദ്ദേഹത്തിന്റെ ഒരു പ്രഭാഷണമായ നിസാമെ നൗ, അഥവാ നവലോക ക്രമം എന്ന തിനെപറ്റി മിസ്റിലെ സാഹിത്യകാരൻ അബ്ബാസ് മഹ്മൂദ് പറയുന്നു: ഈ ശബ്ദം യൂറോപ്പിലും അമേ രിക്കയിലുമുള്ള ഇംഗ്ലീഷ് വിദ്യാസമ്പന്നർക്കിടയിൽ പരത്തുകയാണെങ്കിൽ, മാത്രമല്ല ഇന്ത്യക്കാർക്കും പാശ്ചാത്യർക്കും ഇടയിൽ പരത്തുകയാണെങ്കിലും തീർച്ചയായും അത് പ്രഭാവമുണ്ടാക്കുന്നതാണ്.

ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം എന്നതും അദ്ദേഹത്തിന്റെ ഒരു പ്രഭാഷണമാകുന്നു. ഇസ്‌ലാ മിക ചരിത്രത്തിൽ പൂർണമായും പ്രാവീണ്യം നേടി യിട്ടുള്ള വൈജ്ഞാനികമായ ഈ പ്രഭാഷണം അവ തരിപ്പിച്ചപ്പോൾ വലിയ വലിയ ചരിത്ര പണ്ഡിത ന്മാർ പോലും ആ മഹാത്മാവിന് മുന്നിൽ തങ്ങളെ ശിശുക്കളാണെന്നു മനസ്സിലാക്കി.

സയ്യിദ് അബ്ദുൽ ഖാദിർ എം എ പ്രൊഫെസ്സർ ഇസ്‌ലാമിയ കോളേജ് എഴുതുന്നു, എന്റെ വീക്ഷ ണത്തിൽ ഇത്രയും യുക്തിഭദ്രമായ പ്രഭാഷണം ഇസ്‌ലാമിക ചരിത്രത്തിൽ താത്പര്യമുള്ളവരുടെ മുന്നിൽ ഇതിന് മുമ്പൊരിക്കലും ഉണ്ടായിട്ടില്ല.

ഹദ്റത് മുസ്‌ലിഹ് മൗഊദിന്റെ മറ്റൊരു പ്രഭാ ഷണമായ ഇസ്‌ലാമിലെ സാമ്പത്തിക വ്യവ സ്ഥിതി ഏകദേശം രണ്ടര മണിക്കൂർ നീണ്ടുനിന്നു. ഇതിൽ ആയിരക്കണക്കിന് വിദ്യാസമ്പന്നർ സംബ ന്ധിച്ചിരുന്നു. ലാഹോർ ഹൈകോർട്ടിലെ അഡ്വ ക്കേറ്റ് ആയ മിസ്റ്റർ രാമചന്ദ്രമജന്ത സാഹിബ് പറയുന്നു: ഇത്ര വിലപ്പെട്ട ഒരു പ്രഭാഷണം കൊണ്ട് എനിക്ക് ഒരു പാട് നേട്ടമുണ്ടായി. ഇസ് ലാമിന്റെ നിയമങ്ങൾ കേവലം മുസ്‌ലിംകൾക്ക് മാത്രമുള്ളതാണെന്നും അമുസ്‌ലിംകളെ പരിഗണി ച്ചിട്ടില്ലെന്നുമുള്ള എന്റെ നേരത്തെയുണ്ടായിരുന്ന ധാരണ തെറ്റാണെന്ന് എനിക്ക് ബോധ്യമായി. ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവിന്റെ പ്രഭാ ഷണം കേട്ടപ്പോൾ ഇസ്‌ലാമിന്റെ അധ്യാപനം എല്ലാ ജനങ്ങൾക്കും തുല്യമായ അധ്യാപനം നൽ കുന്നു എന്ന് എനിക്ക് മനസ്സിലായി.

ഹുസൂർ 1924 ൽ യൂറോപ്പ് സന്ദർശിച്ചപ്പോൾ, വഴി മദ്ധ്യേ അറബ് രാജ്യങ്ങളിൽ താമസിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട്, 1924 ഓഗസ്റ്റ് 10 ന് ഡമാ സ്കസിലെ ഫത്ഹുൽ അറബ് എന്ന പത്രം എഴു തുന്നു, ഖലീഫ സാഹിബിന് നാല്പത് വയസ്സാണ് പ്രായം. അവരുടെ മുഖത്ത് കറുത്ത നീണ്ട താടി യുണ്ട്. അവരുടെ മുഖം ഗോതമ്പ് നിറമാണ്, അവ രുടെ മുഖത്ത് കുലീനതയും പ്രതാപവും ഉണ്ട്. രണ്ട് കണ്ണുകളും ബുദ്ധിവൈഭവവും അസാധാര ണമായ ജ്ഞാനവും വിളിച്ചോതുന്നു. മഞ്ഞ് പോലെ വെളുത്ത തലപ്പാവിൽ നിൽക്കുന്ന ആ വ്യക്തിയുടെ മുഖത്ത് ഈ ബുദ്ധിപരമായ കഴിവു കൾ നിങ്ങൾ കണ്ടാൽ, നിങ്ങൾ അറിയുന്നതിനേ ക്കാൾ കൂടുതൽ നിങ്ങളെ നന്നായി മനസ്സിലാ ക്കുന്ന ഒരു വ്യക്തിയുടെ മുന്നിലാണ് നിങ്ങൾ നിൽ ക്കുന്നത് എന്ന് നിങ്ങൾക്ക് ബോധ്യപ്പെടും. അദ്ദേ ഹത്തിന്റെ അധരങ്ങളിൽ മന്ദഹാസം വിരിയുന്നു. അത് ചിലപ്പോൾ ദൃശ്യവും ചിലപ്പോൾ അദൃശ്യവു മാണ്. ആ അവസ്ഥ നിങ്ങൾ കാണുമ്പോൾ പ്രസ്തുത പുഞ്ചിരിയിൽ അടങ്ങിയിരിക്കുന്ന അർ ഥവും മഹത്വവും കണ്ട് നിങ്ങൾ അത്ഭുതപ്പെടും.

ഇത്തരം പ്രതികരണങ്ങൾ ധാരാളം ഉണ്ട്. സമ യക്കുറവു കാരണം ഹ്രസ്വമായ നിലയിൽ ആണ് സമർപ്പിച്ചിട്ടുള്ളത്.

സർവ്വശക്തനായ അല്ലാഹു വാഗ്ദത്ത മഹ്ദീ മസീഹ്(അ)നോട് പ്രവചനത്തിൽ പറഞ്ഞ കാര്യങ്ങൾ എല്ലാം ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ വ്യക്തിത്വത്തിൽ പൂർത്തിയാവുകയുണ്ടായി. അല്ലാഹു തആല അദ്ദേഹത്തിനു നൽകിയ അറിവിനോടും ജ്ഞാനത്തോടും മത്സരിക്കാൻ ഏറ്റവും വലിയ പണ്ഡിതന് പോലും കഴിയുമായിരുന്നില്ല. അദ്ദേഹം നൽകിയ സാഹിത്യങ്ങൾ ജമാഅത്തിന് ഒരു നിധിയാണ്. പ്രസിദ്ധീകൃതമായ അദ്ദേഹത്തിന്റെ ഖുത്ബകളും പ്രഭാഷണങ്ങളും നമ്മൾ വായിക്കേണ്ടതാണ്. ഇപ്പോൾ അതിന്റെ പരിഭാഷയുടെ ജോലിയും നടക്കുന്നുണ്ട്. ഈ ജ്ഞാനനിധി പ്രയോജനപ്പെടുത്താൻ അല്ലാഹു നമുക്ക് സൗഭാഗ്യം നൽകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 17.02.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516